I ഇ.ബി. XIII – കേരള നിയമസഭ/VII - 2

# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2013 ഫെബ്രുവരി 4, തിങ്കളാഴ്ച

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അനുമോദനം**

കേരള ടീം അംഗങ്ങൾക്ക് സഭയുടെ അനുമോദനം

മി. സ്പീക്കർ: ദേശീയ സ്കൂൾ കായികമേളയിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടിയ കേരള ടീം അംഗങ്ങൾക്കും ദേശീയ ചാമ്പ്യൻമാരായ പി. യു. ചിത്ര, മുഹമ്മദ് അഫ്സൽ തുടങ്ങിയവർക്കും കേരള നിയമസഭ ഹാർദ്ദമായ അനുമോദനം അർപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഇവിടെ പ്രകടിപ്പിച്ച അഭിപ്രായത്തോട് പൂർണ്ണമായും യോജിക്കുന്നു. ഇതൊരു അഭിമാന മുഹൂർത്തമാണ്. വിജയികളായവർക്ക് അർഹമായ സഹായങ്ങളും പാരിതോഷികങ്ങളും നൽകുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): അഭിമാനാർഹമായ വിജയം കാഴ്ചവച്ചവർക്ക് ഇനിയും നേട്ടങ്ങൾ കൈവരിക്കാനാവശ്യമായ സഹായങ്ങൾ ചെയ്യുമെന്ന് മുഖ്യമന്ത്രി പറഞ്ഞതിനെ സ്വാഗതം ചെയ്യുന്നു.

**ചെയർമാൻമാരുടെ പാനൽ**

സർവ്വശ്രീ. വി. ഡി. സതീശൻ, കെ. സുരേഷ് കുറുപ്പ്, ടി. യു. കുരുവിള എന്നിവരെ പതിമൂന്നാം കേരള നിയമസഭയുടെ ഏഴാം സമ്മേളന കാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

**അടിയന്തരപ്രമേയം**

**സൂര്യനെല്ലി കേസിൽ തുടരന്വേഷണം**

മി. സ്പീക്കർ: സൂര്യനെല്ലി കേസിലെ പ്രതികളെ വെറുതെ വിട്ടുകൊണ്ടുള്ള ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ വിധി റദ്ദാക്കിക്കൊണ്ട് സുപ്രീം കോടതി വിധി പ്രഖ്യാപിച്ച സാഹചര്യത്തൽ ശ്രീ. പി.ജെ. കുര്യന് എതിരെ തുടരന്വേഷണം വേണമെന്ന പെൺകുട്ടിയുടെ ആവശ്യം നിഷേധിച്ചുകൊണ്ട് മുഖ്യമന്ത്രി വാർത്താസമ്മേളനം നടത്തിയതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, വി. എസ്. സുനിൽകുമാർ, മാത്യൂ ടി. തോമസ്, എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സൂര്യനെല്ലി കേസിലെ പെൺകുട്ടി മിസ്സിംഗായതു

സംബന്ധിച്ച് 1996 ജനുവരി ഒന്നിന് കേസെടുത്തിരുന്നു. ഫെബ്രുവരി 26-ന് പെൺകുട്ടിയുടെ പിതാവ് പോലീസിൽ പരാതി നൽകിയതിനെത്തുടർന്ന് 27-ാം തീയതി പ്രാഥമിക അന്വേഷണം നടത്തി കേസ് രജിസ്റ്റർ ചെയ്തു. പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയ 26 പ്രതികളിൽ ഏഴ് പേരെ അറസ്റ്റ് ചെയ്തു. 1996 മാർച്ച് 18-ന് കേസ് ക്രൈം ബ്രാഞ്ച് ഏറ്റെടുക്കുകയും സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ കേസന്വേഷണം ഏൽപ്പിക്കുകയും അന്വേഷണം പൂർത്തിയാക്കി 39 പേരെ പ്രതികളാക്കി ചാർജ് ഷീറ്റ് സമർപ്പിക്കുകയും കേസിന്റെ വിചാരണ വേളയിൽ 35 പ്രതികളെ ശിക്ഷിച്ചുകൊണ്ടും നാല് പ്രതികളെ വെറുതെ വിട്ടുകൊണ്ടും വിധി പ്രസ്താവിക്കുകയും ചെയ്തു. 2005 ജനുവരി 20-ന് ബഹുമാനപ്പെട്ട ഹൈക്കോടതി ധർമ്മരാജനൊഴികെയുള്ള പ്രതികൾ കുറ്റക്കാരല്ലെന്ന് വിധി പുറപ്പെടുവിക്കുകയും വിട്ടയയ്ക്കുകയും ചെയ്തു. ഇതിനെതിരെ സർക്കാർ സുപ്രീം കോടതിയിൽ കൊടുത്ത അപ്പീലിന്മേൽ വിധിയുണ്ടായിട്ടും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 2005-ൽ ഈ കേസ് വിട്ടയച്ച രീതിയും കാരണങ്ങളും ചൂണ്ടിക്കാട്ടി അപ്പീൽ വീണ്ടും പരിഗണിച്ച് പുതുതായി തീർപ്പാക്കാൻ വിധിയായിട്ടുണ്ട്. ഈ കേസിൽ പ്രതികളായിട്ടുള്ളവരാണ് കോടതിയിൽ അപ്പീലിന് പോയിരിക്കുന്നത്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സൂര്യനെല്ലി കേസിൽ ഒരാളൊഴികെ എല്ലാ പ്രതികളെയും വെറുതെ വിട്ട ഹൈക്കോടതി വിധി സുപ്രീം കോടതി റദ്ദാക്കിയതോടെ കേസ് പുന:പരിശോധിക്കാനുള്ള അവസരം ലഭ്യമായിരിക്കുകയാണ്. വിചാരണ കോടതിയുടെ വിധി ചോദ്യം

ചെയ്ത് 36 പ്രതികൾ സമർപ്പിച്ച അപ്പീൽ വീണ്ടും പരിഗണിച്ച് ആറ് മാസത്തിനകം തീർപ്പ് കൽപ്പിക്കാൻ സുപ്രീം കോടതി ഹൈക്കോടതിക്ക് നിർദ്ദേശം നൽകിക്കഴിഞ്ഞിരിക്കുകയാണ്. കേസ് സംബന്ധിച്ച ഹൈക്കോടതിയുടെ കണ്ടെത്തലുകൾ ഞെട്ടിപ്പിക്കുന്നതാണെന്നാണ് സുപ്രീം കോടതി വ്യക്തമാക്കിയിരിക്കുന്നത്. കേരള ഹൈക്കോടതി രൂപീകരിച്ചിരിക്കുന്ന സ്പെഷ്യൽ ബഞ്ചാണ് കേസ് പരിഗണിക്കുന്നത്. ഈ കേസ് ഹൈക്കോടതി പരിഗണിക്കുമ്പോൾ സർക്കാരിന് വേണ്ടി ഹാജരാകാൻ പോകുന്നത് നേരത്തെ കേസിലെ പ്രതികൾക്ക് വേണ്ടി ഹൈക്കോടതിയിൽ ഹാജരായിട്ടുളള അഭിഭാഷകനും അഡ്വക്കേറ്റ് ജനറലുമായ ദണ്ഡപാണിയാണ്. അദ്ദേഹത്തെ മാറ്റിനിർത്തിക്കൊണ്ട് ഈ കേസിന്റെ അന്വേഷണം മുന്നോട്ട് കൊണ്ടുപോകണം. മാനഭംഗത്തിന് ഇരയായ സ്ത്രീയുടെ മൊഴിക്ക് മറ്റ് സ്ഥിരീകരണങ്ങളുടെ ആവശ്യമില്ലെന്ന് സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്. പെൺകുട്ടി മുഖ്യമന്ത്രിക്ക് നൽകിയ കത്തിൽ കുമളി ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ തടവിൽ പാർപ്പിച്ച അവസരത്തിൽ ബാജിയെന്ന് പേരുള്ളയാൾ തന്നെ ക്രൂരമായി പീഡിപ്പിച്ചുവെന്നും പിന്നീട് പത്രത്തിൽകണ്ട ഫോട്ടോയിൽ നിന്ന് അത് പി.ജെ. കുര്യനാണെന്ന് മനസ്സിലായതായും, അന്വേഷണ ഉദ്യോഗസ്ഥൻ കോടതിയിൽ ഹാജരാക്കിയ അവസാന റിപ്പോർട്ടിൽ ശ്രീ. പി.ജെ. കുര്യനെ പ്രതി സ്ഥാനത്ത് നിന്നു മാറ്റിയതിനാൽ ഇതുസംബന്ധിച്ച് തുടരന്വേഷണം നടത്തേണ്ടത് അത്യന്താപേക്ഷിതമാണെന്നും 17 വർഷമായി നിലനിൽക്കുന്ന കേസ്സിൽ തങ്ങൾ നേരിടുന്ന സാമൂഹ്യവും സാമ്പത്തികവുമായ പരാധീനത തന്നെയും മാതാപിതാക്കളെയും രോഗിയും അവശരുമാക്കിയതിനാൽ വ്യക്തിപരമായി ഈ കേസുമായി മുന്നോട്ടു പോകാൻ പ്രയാസമുണ്ടെന്നും തുടരന്വേഷണത്തിനാവശ്യ

മായ നടപടി സ്വീകരിക്കണമെന്നുമാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ഈ കേസിൽ യാതൊരു അന്വേഷണവും നടത്തുകയില്ലെന്നുള്ള നിലപാടാണ് മുഖ്യമന്ത്രി സ്വീകരിച്ചിരിക്കുന്നത്. സുപ്രീംകോടതി ഹൈക്കോടതിയുടെ പരിഗണനയ്ക്ക് വിട്ട ഈ കേസ്സ് സംബന്ധിച്ച് മുഖ്യമന്ത്രി നടത്തിയ പ്രസ്താവന നീതിന്യായ വ്യവസ്ഥയെ വെല്ലുവിളിക്കുന്നതാണ്. ഇരയുടെ മൊഴിയാണ് പ്രധാനമെന്ന് രാഷ്ട്രപതി ഒപ്പിട്ട ഓർഡിനൻസിൽ വ്യക്തമാക്കിയ സാഹചര്യത്തിൽ സൂര്യനെല്ലികേസിൽ ഇതിന് യാതൊരു പ്രാധാന്യവും കൊടുക്കുന്നില്ലെന്ന താണ് ഇവിടത്തെ പ്രശ്നം. മറ്റ് പ്രതികൾക്കെതിരെയുള്ള ആരോപണം തെളിഞ്ഞ സാഹചര്യത്തിൽ ഒരാൾക്കെതിരെ മാത്രം കളവായി ആരോപണം ഉന്നയിച്ചെന്ന് വിശ്വസിക്കാനാവില്ലെന്നാണ് അന്വേഷണ ഉദ്യോഗസ്ഥൻ വെളിപ്പെടുത്തിയിരിക്കുന്നത്. അഡ്വക്കേറ്റ് ജനറൽ പ്രതികൾക്കുവേണ്ടി ഹാജരായ പശ്ചാത്തലത്തിൽ സുപ്രീംകോടതിയുടെ മുമ്പിൽ സ്പെഷ്യൽ റവ്യൂ പെറ്റീഷൻ കൊടുക്കാൻ സർക്കാർ തയ്യാറാകണം. സമൂഹത്തിൽ നീതി നടപ്പിലാക്കാൻ ഈ കേസിൽ തുടരന്വേഷണം നടത്തണം. ഗുരുതരമായ ഈ സ്ഥിതിവിശേഷം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഒരു കോൺസ്റ്റിറ്റ്യൂഷണൽ ബോഡി എന്നുള്ള നിലയിൽ ക്രിമിനൽ കേസുകൾ നോക്കാൻ ബാധ്യതപ്പെട്ട പ്രോസിക്യൂഷൻ ഡയറക്ടർ ജനറലിനെ ഇതിന്റെ നിയമ ഉപദേശത്തിനുവേണ്ടി ചുമതലപ്പെടുത്തുക എന്നുള്ള ഗവൺമെന്റിന് ചെയ്യാവുന്ന നിയമപരമായ കാര്യം ചെയ്തിട്ടുണ്ട്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ ഉന്നയിച്ചതുപോലെ വീണ്ടും ഒരു

അന്വേഷണം കൂടി നടത്തണമെന്നുള്ളത് ശരിയല്ല. വർഷങ്ങൾക്കുമുമ്പ് പറഞ്ഞ കാര്യം അതേ രൂപത്തിൽ റീ ഓപ്പൺ ചെയ്യാൻ ഇന്ത്യൻ നിയമസംഹിത അനുസരിച്ച് ആർക്കും അവകാശമില്ല. അത് ഇൻവോക്ക് ചെയ്യണമെന്ന് ആവശ്യപ്പെടുന്നതും ശരിയല്ല. നീതിന്യായ വ്യവസ്ഥയിൽ ഇന്ത്യൻ ഭരണഘടന വിവക്ഷിക്കുന്ന രൂപത്തിലല്ലാതെ ഗവൺമെന്റിന് പ്രവർത്തിക്കുവാൻ കഴിയുകയില്ല. ഡിസ്ചാർജ് പെറ്റീഷൻ തള്ളിയതിനെതിരെ ശ്രീ. പി.ജെ. കുര്യൻ ഹൈക്കോടതിയെ സമീപിക്കുകയും വാദം കേട്ടശേഷം ഹൈക്കോടതി ശ്രീ. പി.ജെ. കുര്യന് ഡിസ്ചാർജ് പെറ്റീഷൻ അനുവദിക്കുകയും ചെയ്തതിനെതിരെ അന്നത്തെ എൽ.ഡി.എഫ് ഗവൺമെന്റ് സുപ്രീംകോടതിയെ സമീപിച്ചു. വീണ്ടും ഗവൺമെന്റ് സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയലിൽ കൊടുത്തുവെങ്കിലും അത് സ്വീകരിച്ചില്ല. 2007 നവംബർ മാസം വിധി വന്നശേഷം അന്ന് അധികാരത്തിലിരുന്ന എൽ.ഡി.എഫ്. ഗവൺമെന്റ് ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ശ്രീ. സിബി മാത്യുവിനെ അന്വേഷണ കമ്മീഷനായി നിയമിച്ചത് എൽ.ഡി.എഫ് ഗവൺമെന്റാണ്. ശ്രീ. പി. ജെ. കുര്യനെതിരായ പെൺകുട്ടിയുടെ പ്രസ്താവന കോടതിയിൽ ചർച്ച ചെയ്ത് വാദം കേട്ടശേഷമാണ് ഡിസ്ചാർജ് പെറ്റീഷൻ അനുവദിച്ചത്. കോടതി തീരുമാനത്തോടൊപ്പം മാത്രമേ ഗവൺമെന്റിന് നിൽക്കുവാൻ സാധിക്കുകയുള്ളൂ. ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(സൂര്യനെല്ലികേസിൽ തുടരന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടു കൊണ്ട് പ്ലക്കാർഡുകളുമായി പ്രതിപക്ഷാംഗങ്ങൾ വെല്ലിനുചുറ്റും ഇരുന്ന്

മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ രാവിലെ 10.14-ന് സഭ നിറുത്തിവയ്ക്കുകയും 11.20-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും സമ്മേളിക്കുകയും ചെയ്തു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ഈ വിഷയം സംബന്ധിച്ച് ചർച്ച ചെയ്യേണ്ടതില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആഭ്യന്തര വകുപ്പുമന്ത്രിയും പറഞ്ഞത് കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ച ഓർഡിനൻസിന് വിരുദ്ധമാണ്. ഈ ഓർഡിനൻസിന്റെ തത്വത്തിന് വിധേയമായി പ്രവർത്തിക്കാൻ സർക്കാർ തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സ്ത്രീകൾക്കെതിരായ അതിക്രമങ്ങളിൽ കുറ്റക്കാരായവർ ശിക്ഷിക്കപ്പെടണമെന്നതുതന്നെയാണ് സർക്കാരിന്റെ നയം. എന്നാൽ കുറ്റം ചെയ്യാത്ത ഒരാൾ ശിക്ഷിക്കപ്പെടുന്നത് ശരിയല്ല. 1996-ൽ ശ്രീ. എ.കെ. ആന്റണിയുടെ കാലത്ത് ഐ.ജി. ശ്രീ. രാജീവന്റെയും നായനാർ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. സിബി മാത്യൂസിന്റെയും അന്വേഷണ റിപ്പോർട്ടുകളിൽ ശ്രീ. പി.ജെ. കുര്യൻ കുറ്റക്കാരനാണെന്ന് പറഞ്ഞിട്ടില്ല. ആയതിനാൽ സർക്കാരിന് നിയമാനുസൃതമായി മാത്രമേ പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. വി.എസ്. അച്ചുതാനന്ദൻ: നിയമവിരുദ്ധമായ ഈ വിശദീകരണം അംഗീകരിക്കുന്നില്ല. ഈ കേസ്സിന്മേൽ തുടരന്വേഷണം നടത്തണമെന്ന പ്രതിപക്ഷത്തിന്റെ ആവശ്യം അംഗീകരിക്കാതെ സഭാ നടപടികളുമായി സഹകരിക്കാൻ കഴിയില്ല.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചും ഡയസിലേയ്ക്ക് പ്രവേശിക്കാൻ ശ്രമിച്ചും സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ

ബഹുമാനപ്പെട്ട സ്പീക്കർ ശ്രദ്ധക്ഷണിക്കലും സബ്മിഷനുകളും റദ്ദ് ചെയ്യുകയും അജണ്ടയിലെ അടുത്ത നടപടിയിലേയ്ക്ക് കടക്കുകയും ചെയ്തു.)

**<u>മേശപ്പുറത്തുവച്ച കടലാസ്സുകൾ</u>**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**<u>അറിയിപ്പ്</u>**

**ഗവർണ്ണർക്ക് സമർപ്പിച്ച ബിൽ തിരിച്ചയച്ചതു സംബന്ധിച്ച്**

<u>മി. സ്പീക്കർ:</u> പത്താം കേരള നിയമസഭയുടെ കാലയളവിൽ 1999 ഏപ്രിൽ 8-ാം തീയതി നിയമസഭ പാസ്സാക്കിയതും ഗവർണ്ണറുടെ അനുമതിക്കായി സമർപ്പിച്ചിരുന്നതും ഗവർണ്ണർ രാഷ്ട്രപതിയുടെ പരിഗണന യ്ക്കായി നീക്കിവച്ചിരുന്നതുമായ The Kerala Grants and Leases (Modification of Rights) Amendment Bill, 1999 ഭരണഘടനയുടെ 201-ാം അനുച്ഛേദത്തിലെ ക്ലിപ്ത നിബന്ധന പ്രകാരമുള്ള സന്ദേശത്തോടെ ഗവർണ്ണർ മടക്കി അയച്ച വിവരം കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 99-ാം ചട്ടപ്രകാരം സഭയെ അറിയിക്കുന്നു.

**ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച**

<u>ചീഫ് വിപ്പ് (ശ്രീ. പി.സി. ജോർജ്) :</u> "2013 ഫെബ്രുവരി ഒന്നിന് ഗവർണ്ണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമ

സഭാംഗങ്ങൾ ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു " എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. പി.സി. ജോർജ്: ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെ സംബന്ധിച്ച്  ചർച്ച ചെയ്യാൻ തയ്യാറാകാത്ത പ്രതിപക്ഷത്തിന്റെ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് എന്റെ പ്രസംഗം മേശപ്പുറത്തുവയ്ക്കുന്നു.

സഭ രാവിലെ 11.37-ന് പിരിഞ്ഞു.